# എ എം എം ഹൈസ്കൂൾ ഓതറ 2023-24

# നിറം

## ഡിജിറ്റൽ മാഗസിൻ

# ആമുഖം

ഇൻഫൊർമേഷൻ ടെക്നോളജിയുടെ സ്വാധീനം ഇപ്പോൾ ലോകത്തെവിടെയും അനുഭവപ്പെടുന്ന ഒന്നാണ്. കമ്പ്യൂട്ടറുകളുടെ സഹായം ഇല്ലാതെ ഇന്നത്തെ കാലത്ത് ജിവിക്കാൻ പ്രയാസമായിമാറിയിരിക്കുന്നു എല്ലാ സ്കൂളുകളും ഹൈടെക് ആക്കുക എന്ന ചിന്തയോടെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി ഏർപ്പെടുത്തിയ പദ്ധതിയാണ് ലിറ്റിൽകൈറ്റ്സ്. ഈ പദ്ധതിയിലൂടെ കുട്ടികൾക്ക് വ്യത്യസ്ത കഴിവുകൾ നേടിയെടുക്കാൻ സാധിച്ചു. SCRIBUS സോഫ്റ്റവയറിന്റെ സഹായത്തോടെ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ 'നിറം' ഇവിടെ പൂർത്തികരിക്കുന്നു. വരും തലമുറകൾക്കും ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഏറെ പ്രയോജനപെടുമെന്ന് പ്രതീക്ഷിക്കുന്നു



# ഉള്ളടക്കം

1. പഴഞ്ചൊല്ലുകൾ......................................3
2. കവിതകൾ.............................................5
3. ഇന്ത്യൻ ബഹിരാകാശ ഗവേഷണം......11
4. ക്വിസ്................................................13
5. കടംകഥകൾ........................................14
6. പഴങ്കണക്ക്........................................15
7. മഹത്വവചനങ്ങൾ................................16
8. ജീവചരിത്രം.......................................17
9. ഗണിതപ്പാട്ട്.......................................18
10.നന്ദി...................................................19

# കൃഷിച്ചൊല്ലുകൾ

കതിരിൽ വളം വച്ചിട്ടുകാര്യമില്ല.
അടയ്ക്കയായാൽ മടിയിൽ വയ്ക്കാം
അടയ്ക്കാമരമായാലോ.
അടുത്തുനട്ടാൽ അഴക്,അകലത്തിൽ നട്ടാൽ
വിളവ്.
ആരിയൻ വിതച്ചാൽനവര കൊയ്യാമോ.
ആഴത്തിൽ ഉഴുത് അകലത്തിൽ വിതയ്ക്കുക.
ഇടവം തൊട്ട് തുലാത്തോളം കുട
കൂടാതിറങ്ങൊല്ല.
ഇല്ലംനിറവല്ലം നിറ,പെട്ടിനിറപത്തായം നിറ.
ഉരിയരിക്കാറു എന്നും ഉരിയരി തന്നെ.
ഉഴവിൽ തന്നെ കള തീർക്കണം.
എളിയവരും ഏത്തവാഴയും ചവിട്ടും തോറും
തഴയ്ക്കും.
എൾളിന് ഉഴവ് ഏഴരച്ചാൽ.



ജോനാഥാൻ സി ജോൺസൺ 9A 

പഴഞ്ചൊല്ലുകൾ

. അനുഭവമാണ് മഹാഗുരു!

.അടി തെറ്റിയാൽ ആനയും വീഴും!

.അരി എത്ര? പയർ അഞ്ഞാഴി!

.അക്കരയോട്ടു പോയതും ഇല്ല ഇക്കരയോട്ടു നിന്നതും!

.അക്കര നിന്നാൽ ഇക്കര പച്ച!

ആനന്ദ് രാജ് 9A

# ഭൂമിക്കൊരു ചരമഗീതം

ഇനിയും മരിക്കാത്ത
ഭൂമി,നിന്നാസന്ന
മൃതിയിൽ നിനക്കാത്മശാന്തി !
ഇത് എന്റെ ചരമശുശ്രൂഷക്ക്
ഹൃദയത്തിലിന്നേ കുറിച്ച ഗീതം !
ഇനിയും മരിക്കാത്ത ഭൂമി
നിന്നാസന്ന
മൃതിയിൽ നിനക്കാത്മ ശാന്തി !
മൃതിയിൽ നിനക്കാത്മ ശാന്തി !
(ഒ.ൻ.വി.
കുറുപ്പ് )



കാശി നാഥ് അരുൺ 9A

# കവിത

ഒരു തൈ നടാം നമുക്കമ്മയ്ക്കുവേണ്ടി
ഒരു തൈ നടാം
കൊച്ചുമക്കൾക്കുവേണ്ടി
ഒരു തൈ നടാം നൂറു
കിളികൾക്കുവേണ്ടി
ഒരു തൈ നടാം നല്ല
നാളേയ്ക്കുവേണ്ടി
ഇത് പ്രാണവായുവിനായി
നടുന്നു
ഇത് മഴയ്ക്കായിതൊഴുതു നടുന്നു
അഴകിനായ് തണലിനായ്
തേൻ പഴങ്ങൾക്കായ്
ഒരു തൈ നടാം
നമുക്കമ്മയ്ക്കുവേണ്ടി
ഒരു തൈ നടാം
കൊച്ചുമക്കൾക്കുവേണ്ടി
ഒരു തൈ നടാം നൂറു
കിളികൾക്കുവേണ്ടി
ഒരു തൈ നടാം നല്ല
നാളേയ്ക്കുവേണ്ടി

ക്രിസ്റ്റീന ആൻ മത്തായി 9A

# തുടിതാളം തേടി...

നമ്മുടെ മാതാവു–കൈരളി–പണ്ടൊരു
പൊന്മണിപ്പൈതലായ് വാണ കാലം–
യാതൊരു ചിന്തയുമില്ലതെ കേവലം
ചേതസി തോന്നിയ മാതിരിയിൽ,
ഏടലർച്ചെങ്കാൽച്ചിലങ്ക കിലുങ്ങുമാ–
റോടിക്കളിച്ചു രസിച്ച കാലം–
പെറ്റമ്മതന്നുടെ വെൺമുലപ്പാൽതീരെ
വറ്റിയിട്ടില്ലാത്ത പൂങ്കണ്ഠത്താൽ
പാടിയിരുന്ന പഴങ്കഥപ്പാട്ടുകൾ
പാൽക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം

അസ്ന ഷിബു 9A

# കുഞ്ഞനുറുമ്പും കുഴിയാനയും

**ആരാണവിടെ പൂഴിക്കുഴിയിൽ**
**ഞാനാണല്ലോ കുഴിയാന..**
**എന്താണവിടെ പൂഴിക്കുഴിയിൽ**
**തടഞ്ഞുവീണോൻ**
**ഞാനിപ്പോൾ..**

ജസ്റ്റിൻ നവീൻ ജോൺ

# കവിത

നമ്മുക്ക് വേണം വായന
നല്ലത് ചൊല്ലാൻ
നല്ലത് കേൾക്കാൻ
നാവിൻ തുമ്പിൽ
വാക്കുകൾ കൊണ്ടൊരു
വാനം ചൊരിയാൻ
നമ്മുക്ക് വേണം
വായന.......

ആൽഫിൻ പി വിനോദ് 9A

# കവിത വായന

അക്ഷര നിധിയിൽ നിന്നും നാം
അറിവിൻ മുത്തുകൾ വാരേണം.....
പുസ്തകമെന്നൊരു ചങ്ങാതി
ഉത്തമനായൊരു വഴികാട്ടി.....
അറിയുക നമ്മൾ ലോകത്തെ
വായന എന്നൊരു കർമ്മത്താൽ......
വായിച്ചങ്ങനെ വളരേണം
നേടണമെന്നും വിജ്ഞാനം.....
ജ്ഞാനത്തിൻ പ്രഭ വിതറേണം
അജ്ഞത എന്നും വെടിയേണം....
പുസ്തകവായന ശീലത്താൽ
അറിവിൻ ശോഭ പരക്കട്ടെ...
അറിവിൻ ശോഭ പരക്കട്ടെ...

ബിശാൽ പ്രസാദ് ശർമ്മ

# ചന്ദ്രയാൻ – 1

ഭാരതത്തിന്റെ ആദ്യ ചാന്ദ്രദൗത്യം ചന്ദ്രയാൻ – 1

ശ്രീഹരിക്കോട്ടയിലെ സതീഷ്ധവാൻ സ്പേസ് സെന്ററിൽ നിന്ന് 2008 ഒക്ടോബർ 22 ന് വിക്ഷേപിച്ചു.
വിക്ഷേപണ വാഹനം PSLV_C11
നവംബർ 8 ന് ചന്ദ്രന്റെ ഭ്രമണപഥത്തിൽ.

## ലക്ഷ്യങ്ങൾ

. ചന്ദ്രനെക്കുറിച്ച് ശാസ്ത്രീയമായ അറിവ് സമ്പാദിക്കുക.
. ബഹിരാകാശ രംഗത്ത് ഇൻഡ്യയുടെ സാങ്കേതിക മികവ് ഉയർത്തുക
. പുതുതലമുറയിലെ ശാസ്ത്രജ്ഞരെ ഗ്രഹാന്തര ഗവേഷണരംഗത്ത് വെല്ലുവിളി നേരിടാൻ



അന്ന മറിയം തോമസ് 9A

# ബഹിരാകാശത്തെത്തീയ ഇന്ത്യക്കാർ

## രാകേഷ് ശർമ്മ

ജനനം: 1949 ജനുവരി 13 (പഞ്ചാബ് )
1984 ഏപ്രിൽ2ന് സാല്യൂട്ട് 7ൽ
8 ദിവസം ബഹിരാകാശത്ത് ചെലവഴിച്ചു

## കൽപന ചൗള

ജനനം: 1962 മാർച്ച്
മരണം: 2003 ഫെബ്രുവരി–1

## സുനിത വില്യംസ്

ജനനം: 1965 സെപ്തംബർ 19
റെക്കോഡുകൾ:
ഏറ്റവും കൂടുതൽ ദിവസം ബഹിരാകാശ കേന്ദ്രത്തിൽ താമസിച്ച വനിത.
ഏറ്റവും കൂടുതൽ സമയം ബഹിരാകാശത്ത് നടന്ന വനിത (29 മണിക്കൂർ 17 മിനിറ്റ്
ബഹിരാകാശത്ത് മാരത്തോൺ നടത്തിയ ഒരേയൊരാൾ

ശെർമ്മ കനിമോഴി 9A

വായനാദിനം എന്നാണ് ?
ഉ. ജൂൺ19
ആരുടെ ചരമദിനമാണ് വായനാദിനം ?
ഉ. പി.എൻ പണിക്കരുടെ
പി എൻ പണിക്കരുടെ മുഴുവൻ പേര്
എന്താണ് ?
ഉ. പുതുവായിൽ നാരായണ പണിക്കർ
ലോക പുസ്തക ദിനം എന്നാണ് ?
ഉ. ഏപ്രിൽ23
അക്ഷരനഗരം എന്നറിയപ്പെടുന്ന
കേരളത്തിലെ ജില്ല ഏതാണ് ?
ഉ. കോട്ടയം
ദേശീയ വിദ്യാഭ്യാസ ദിനം എന്നാണ് ?
ഉ. നവംബർ 11
"വായിച്ചു വളരുക ചിന്തിച്ച് വിവേകം
നേടുക"ആരുടെ വരികൾ ?
ഉ. പി എൻ പണിക്കർ



ലിസ ജോൺ 9A

# കടങ്കഥകൾ

അമ്മയെ കുത്തി മകൻ മരിച്ചു
ഉ. തീപ്പെട്ടി

അമ്മ കല്ലിലും മുള്ളിലും മകൾ കല്യാണ പന്തലിലും
ഉ. വാഴയും വാഴപ്പഴവും

ആയിരം പോലീസിനെ ഒരു ബെൽറ്റ് ഇട്ടു പൂട്ടി
ഉ.ചൂൽ

ഒരമ്മ പെറ്റതെല്ലാം കറുത്ത പട്ടാളം
ഉ. കട്ടുറുമ്പ്

അച്ഛൻ മുള്ളൻ,അമ്മ മിനു മിനു,മക്കൾ മണി മണി
ഉ.ചക്ക

അടി പാറ നടു വടി തല കാട്
ഉ. ചേന

കൊമ്പിൻ മേൽ തുളയുള്ള കാള
ഉ.കിണ്ടി

ചട്ടിത്തലയൻ ചന്തയ്ക്കു പോയി
ഉ. തണ്ണി മത്തൻ

അലക്സ് പി ജയൻ 9B

## പഴക്കണക്ക്

ഒരു കുളത്തിൽ താമരപ്പൂക്കൾ വിരിഞ്ഞു നിൽക്കുന്നു
പറന്നെത്തിയ കിളിക്കൂട്ടം ക്ഷീണമകറ്റാൻ പൂക്കളിലിരുന്നു.
ഒരു താമരയിൽ ഒരു കിളി വീതം ഇരുന്നപ്പോൾ
ഒരു കിളിക്ക് ഇടമില്ലതായി.ഒരു താമരയിൽ ഇരുകിളികളായി ചേർന്നിരുന്നപ്പോൾ , ഒരു താമര ബാക്കിയായി.
താമരയെത്ര?കിളിയെത്ര? കണ്ടുപിടിക്കുക.

സൂരജ് എം എസ് 9B

# മഹത്വവചനങ്ങൾ

വിജയിക്കണമെന്ന്
നിശ്ചയിക്കുകയാണ്
പരാജയപ്പെടാതിരിക്കാനുള്ള
എളുപ്പമാർഗം

(റിച്ചഡ് ബ്രിൻസ്ലീ ഷെറിഡാൻ)

# വായനാ ദിനം

വായിച്ചു വളരുക
ചിന്തിച്ചു വിവേകം
നേടുക

–പി എൻ പണിക്കർ



ജീവൻ വി ആർ 9B

# ചെറുശ്ശേരി

ക്രി.വ. പതിനഞ്ചാം നൂറ്റാണ്ടിൽ ഉത്തരകേരളത്തിൽ ജിവിച്ചിരുന്ന മഹാകവി.കോലത്തുനാട്ടു ഭരിച്ചിരുന്ന ഉദയവർമ്മ രാജാവിന്റെ പണ്ഡിതസദസ്സിലെ അംഗമായിരുന്നു. ഭാഗവതം ദശമസ്കന്ധത്തെ ആധാരമാക്കി രചിച്ച ക്രൃഷ്ണഗാഥയാണ് അദ്ദേഹത്തെ അനശ്വരനാക്കിയ കൃതി.

സോന പി 9B

# ഗണിതപ്പാട്ട്

ഓ തിത്തിത്താരാ
തിത്തിത്തൈ
തിത്തൈ തക
തെയ്യെത്തോം

കൂട്ടുകാരെ വന്നിടുവാൻ
പാട്ടു പാടി പഠിച്ചിടാൻ
കൂട്ടുചേർന്ന് ഗണിതത്തെ
പാട്ടിലാക്കിടാം

ഓ തിത്തിത്താരാ
തിത്തിത്തൈ
തിത്തൈ തക
തെയ്യെത്തോം

മൂന്നുവശം മൂന്ന് മൂല
ഉള്ള രൂപം ത്രികോണം
നാല് വശം ഉള്ള രൂപം
ചതുർഭുജങ്ങൾ

ഓ തിത്തിത്താരാ
തിത്തിത്തൈ
തിത്തൈ തക
തെയ്യെത്തോം

എതിർവശം തുല്യമായ
സമചതുരം

ഓ തിത്തിത്താരാ
തിത്തിത്തൈ
തിത്തൈ തക
തെയ്യെത്തോം

ശിജിന ശാജി 9B

## നന്ദി

ഓതറ എ.എം.എം. സ്ക്കൂളിൽIT clubകാര്യമായി നടക്കുന്നു. ഞങ്ങളുടെ സ്ക്കൂളിലെ ലിറ്റിൽ കൈറ്റസ് അംഗങ്ങൾ,അദ്ധ്യപകർ ഇവരുടെ കൂട്ടായ യജ്ഞത്തിലൂടെ നിറം Digital magazine തയ്യാറാക്കി.ഇത് തയ്യറാക്കാൻ ഞങ്ങളെ സഹായിച്ച പ്രധാനധ്യാപകൻ,ജില്ലാകൈറ്റ് മാസ്റ്റർ Supriya Teacher,kite Masters എന്നിവരോടുള്ള നന്ദി അറിയിച്ചുകൊള്ളുന്നു.